പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :4282 13.12. 2018 ൽ മറുപടിക്ക്

# ഗാർഹിക കണക്ഷൻ വിഛേദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

ചോദ്യം

ശ്രീ. മുഹമ്മദ് മുഹസിൻ.പി.

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഗാർഹികകണക്ഷൻ വിഛേദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; വിഛേദിക്കുന്നതിന് മുമ്പ് ഉപഭോക്താക്കളെ അറിയിക്കാനുള്ള സംവിധാനം നിലവിലുണ്ടോ; | (എ) വൈദ്യുതി ചാർജിൽ കുടിശ്ശിക വരുത്തുക , നിക്ഷേപതുകയിൽ കുറവുണ്ടാകുകയോ മതിയായ നിക്ഷേപത്തുക അടയ്ക്കാതെ വരുകയോ ചെയ്യുക, വൈദ്യുതി മോഷണം കണ്ടെത്തുക, വയറിങ്ങിലോ പ്രതിഷ്ഠാപനങ്ങളിലോ ഉണ്ടായ പ്രശ്നത്തെത്തുടർന്നുള്ള സുരക്ഷാ മുൻകരുതൽ എന്നീ സന്ദർഭങ്ങളിലെല്ലാം വൈദ്യുതി വിഛേദിക്കാൻ സപ്ലൈ കോഡ് 2014 അനുമതി നൽകിയിട്ടുണ്ട്. വൈദ്യുതി ചാർജിൽ ഉണ്ടാകുന്ന കുടിശ്ശിക , സെക്യൂരിറ്റി ഡെപ്പോസിറ്റിൽ ഉണ്ടാകുന്ന കുറവ് എന്നീ സന്ദർഭങ്ങളിൽ 15 ദിവസത്തിൽ കുറയാതെയുള്ള സമയപരിധിയിൽ നോട്ടീസ് നൽകാനും അത് പാലിക്കപ്പെട്ടില്ലെങ്കിൽ വൈദ്യുതി വിഛേദിക്കാനും സപ്ലൈ കോഡ് 2014 നിഷ്കർഷിക്കുന്നു. ഇതു പ്രകാരം വൈദ്യുതി ചാർജ്, സെക്യൂരിറ്റി ഡെപ്പോസിറ്റിൽ ഉണ്ടാകുന്ന കുറവ് സംബന്ധിച്ച വിവരം ഡിമാൻഡ് കം ഡിസ്കണക്ഷൻ നോട്ടീസിലൂടെ കെ.എസ്.ഇ.ബി ഉപഭോക്താക്കളെ അറിയിക്കുകയും അതിൽ രേഖപ്പെടുത്തിയ സമയപരിധി പാലിക്കപ്പെട്ടില്ലെങ്കിൽ ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ താൽകാലികമായി വിഛേദിക്കുകയും ചെയ്യുന്നു. മീറ്റർ റീഡർ നൽകുന്ന ഡിമാൻഡ് കം ഡിസ്കണക്ഷൻ നോട്ടീസിന് പുറമെ ഇ മെയിൽ അഡ്രസ്സും മൊബൈൽ നമ്പറും രജിസ്റ്റർ ചെയ്ത ഉപഭോക്താക്കളെ ഇമെയിൽ വഴിയും എസ്.എം.എസ് വഴിയും വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ അറിയിക്കുന്നുണ്ട്. |
| (ബി) ഇല്ലെങ്കിൽ ഉപഭോക്താക്കളെ എസ്.എം.എസ് വഴി അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) കെ.എസ്.ഇ.ബി. ബില്ലുകൾ അടയ്ക്കാത്ത എല്ലാ ഉപഭോക്താക്കളുടെയും (കെ.എസ്.ഇ.ബി.യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള) മൊബൈൽ നമ്പരിലേയ്ക്ക് കണക്ഷൻ വിച്ഛേദിക്കുന്നതിന് മുമ്പ് എസ്.എം.എസ് വഴി പ്രസ്തുത വിവരം അറിയിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ